സെക്ഷൻ ഓഫീസർ

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2102** **6.10.2016-ൽ മറുപടിയ്ക്ക്**

## മരാമത്ത് പണികളുടെ ക്വാളിറ്റി ഓഡിറ്റിംഗ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, സി.കെ. ഹരീന്ദ്രൻ<br>,, രാജു എബ്രഹാം<br>,, മുരളി പെരുനെല്ലി : | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് മരാമത്ത് പണികളുടെ 'ക്വാളിറ്റി ഓഡിറ്റിംഗ്' നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം നൽകുമോ; | (എ) ഉണ്ട്. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം രണ്ട് തലത്തിൽ പ്രവൃത്തികളുടെ ഗുണ നിലവാരം പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മാന്വൽ ചട്ടം 2406 പ്രകാരം 5 കോടി രൂപയ്ക്കു മുകളിൽ കരാർ തുക വരുന്ന പണികൾക്ക് വകുപ്പിന് പുറമേയുള്ള ഏജൻസിയോ, വിദഗ്ധനെയോ ഉപയോഗിച്ച് പണി പൂർത്തിയാകുന്ന ഉടനെ തന്നെ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതാണ്. ചുമതലയുള്ള എക്സി. എഞ്ചിനീയർ , പണിയുടെ വിശദാംശങ്ങളും, ഫൈനൽ ബില്ലിന്റെ പകർപ്പും, ടെക്നിക്കൽ ആഡിറ്റിംഗിന് വേണ്ടി ചീഫ്എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതാണ്. ടെക്നിക്കൽ ആഡിറ്റിംഗിന് ഏൽപ്പിച്ചിരിക്കുന്ന ഏജൻസി ആവശ്യാനുസരണം റോഡുകളുടെ ഓരോ കിലോമീറ്ററിലും IS, IRC സ്പെസിഫിക്കേഷൻ അനുസരിച്ചും കെട്ടിടങ്ങൾക്ക് ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം പണി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുകയും പരിശോധനാഫലം ചീഫ്എഞ്ചിനീയർക്ക് അയച്ചുകൊടുക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | അതുപ്രകാരം പരിഹരിക്കാവുന്ന തകരാറുകളെന്തെങ്കിലും ഉണ്ടെങ്കിൽ എക്സി. എഞ്ചിനീയർ അത് പരിഹരിച്ച് റിപ്പോർട്ട് നൽകേണ്ടതും അപരിഹാര്യമായ തകരാറുകളെന്തെങ്കിലും ഉണ്ടെങ്കിൽ സർക്കാരിന്റെ അറിവോടുകൂടി കരാറുകാരനെതിരേയും, ചുമതലപ്പെട്ട ഉദ്യോഗസ്ഥനെതിരേയും നടപടി സ്വീകരിക്കേണ്ടതാണ്. പ്രവർത്തികളുടെ ബില്ലിന്റെ പേയ്മെന്റിന് ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന്റെ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്. |
| (ബി) | അഞ്ച് വർഷ ഗ്യാരന്റിയോടെ പുനരുദ്ധാരണം നടത്തിയ പൊതുമരാമത്ത് റോഡുകൾ നിർമ്മാണം പൂർത്തിയാക്കി മാസങ്ങൾക്കകം തകരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണത്തെപ്പറ്റി പരിശോധിച്ചിട്ടുണ്ടോ; | (ബി) | ദേശീയപാതാ വിഭാഗത്തിൽ അഞ്ച് വർഷ ഗ്യാരൻറിയോടുകൂടി റോഡുകളുടെ പുനരുദ്ധാരണം നടത്തിയിട്ടില്ല. നിരത്ത് വിഭാഗത്തിൽ അഞ്ച് വർഷത്തെ ഗ്യാരൻറിയോടെ പുനരുദ്ധാരണം നടത്തിയ പൊതുമരാമത്ത് റോഡുകളുടെ ചില ഭാഗങ്ങളിൽ ഉണ്ടായ കേടുപാടുകൾ അതാത് കരാറുകാരെക്കൊണ്ട് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഈ പദ്ധതിയിൽപ്പെട്ട പ്രവർത്തികൾ Defect liablity Period കൂടാതെ 5 വർഷ കാലയളവിൽ കേടുപാടുകൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശമനുസരിച്ച് അതാത് കരാറുകാരൻ പരിഹരിക്കേണ്ടതാണ്. |
| (സി) | ഇപ്രകാരമുള്ള റോഡുകളുടെ തകരുന്ന ഭാഗങ്ങൾ കരാറുകാരൻ തന്നെ നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് അറ്റകുറ്റപണി നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) & (ഡി) | റോഡുകളുടെ തകരുന്ന ഭാഗങ്ങൾ കരാറുകാരൻ തന്നെ നിലവാരമില്ലാത്ത സാമഗ്രികൾ ഉപയോഗിച്ച് അറ്റകുറ്റ പണി നടത്തുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല. എന്നാൽ ഇവ പരിശോധിക്കുന്നതിനുള്ള നിർദ്ദേശം എക്സി. എഞ്ചിനീയർമാർക്ക് നൽകുന്നതാണ്. |
| (ഡി) | എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (ഇ) | മരാമത്ത് പണികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | സോഷ്യൽ ഓഡിറ്റിംഗ് നിലവിലില്ല. നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ദേശീയപാതാ വിഭാഗത്തിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ